# നാടകം -ഊരുഭംഗം
# ത്വമേവ ജനനീ ഭവ



(വ്യാഖ്യാനം: സനൽമാസ്റ്റർ,
ശ്രീകൃഷ്ണഹൈസ്കൂൾ, ആനന്ദപുരം)

[മഹാകവി ഭാസനാൽ രചിക്കപ്പെട്ട 13 രൂപകങ്ങളിൽ പ്രധാനപ്പെട്ടതാണ് ഊരുഭംഗം. മഹാഭാരതയുദ്ധത്തിന്റെ അവസാനദിവസം മഹാരാജാവായ ദുര്യോധനന്റെ സ്വർഗ്ഗപ്രാപ്തിയാണ് ഈ ഏകാങ്കത്തിന്റെ പ്രതിപാദ്യവിഷയം. ഭീമസേനന്റെ ഗദാഘാതത്താൽ തകർന്ന തുടയോടുകൂടിയ ദുര്യോധനൻ യുദ്ധക്കളത്തിൽ വീണു. അദ്ദേഹത്തെ കാണുവാൻ ഗാന്ധാരിയും ധൃതരാഷ്ട്രരും ദുര്യോധനപുത്രനായ ദുർജ്ജയോനോടുകൂടെ വന്നിട്ടുണ്ട്. പിതൃപുത്രസ്നേഹത്തിന്റെ ഹൃദയസ്പർശിയായ ഒരു ചിത്രം ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നു]

*അണിയറയിൽ (മാറിനിൽക്കൂ ശ്രേഷ്ഠരെ, മാറിനിൽക്കൂ.*

*(ധൃതരാഷ്ട്രർ, ഗാന്ധാരി, ദുർജയൻ എന്നിവർ പ്രവേശിക്കുന്നു.)*

ധൃതരാഷ്ട്രർ: പുത്ര നീ എവിടെ?

ഗാന്ധാരി: മകനെ, നീയെവിടെയാണ്?

ധൃതരാഷ്ട്രർ :ഹാ കഷ്ടം! ഇന്ന് യുദ്ധത്തിൽ എന്റെ പുത്രൻ വഞ്ചനയാൽ കൊല്ലപ്പെട്ടുവെന്ന് കേട്ടിട്ടുളവായ ഉൾക്കണ്ണീർ ജന്മനാ അന്ധനായ എന്നെ കൂടുതൽ അന്ധനാക്കുന്നു. ഗാന്ധാരി, നീയെന്ത് കരുതുന്നു?

ഗാന്ധാരി : നിർഭാഗ്യയായി ജീവിയ്ക്കുന്നു ഞാൻ.

രാജാവ് : കഷ്ടം എന്റെ സ്ത്രീകൾക്കും കരയേണ്ടിവരുന്നു. ഗദാപ്രഹരത്തിന്റെ നോവ് മുൻപ് അറിഞ്ഞിരുന്നില്ല. ഇപ്പോൾ എല്ലാം അറിയുന്നു.

ധൃതരാഷ്ട്രർ : ദുര്യോധനനെ കാണാനില്ലേന്നോ. അന്വേഷിക്കുന്ന സമയത്ത് പുത്രനെ കാണുന്നില്ല. പുത്രനാൽ ലഭിയ്ക്കേണ്ടുന്ന പിതൃതർപ്പണത്തെ (തിലോദകം) അനുഭവിയ്ക്കുവാൻ ഞാൻ യോഗ്യനല്ലേന്നോ?

ഗാന്ധാരി: അല്ലയോ ജന്മംകൊണ്ടവനെ, സുയോധന, മറുപടി പറയൂ.

ധൃതരാഷ്ട്രർ:മകനെ, ദുര്യോധന, പതിനെട്ട് അക്ഷൗഹിണികളുടെ രാജാവെ, നീ എവിടെയാണ്?

രാജാവ്: മഹാരാജാവെ ഇതാ ഞാൻ

ധൃതരാഷ്ട്രർ: നൂറുപുത്രന്മാരിൽ മൂത്തവനെ, മറുപടി പറഞ്ഞാലും.

രാജാവ്: മറ്റു വൃത്താന്തങ്ങളെ പറയാം. ഇക്കാര്യത്തിൽ ഞാൻ ലജ്ജിക്കുന്നു.

ധൃതരാഷ്ട്രർ: മകനെ, വരു, നമസ്കരിക്കു

രാജാവ്: ഇതാ വരുന്നു (എഴുന്നേൽക്കാൻ ശ്രമിക്കുന്നതായി ഭാവിയ്ക്കുന്നു. വീഴുന്നു) കഷ്ടം ഇതെനിക്ക് രണ്ടാമത്തെ പ്രഹരമാണ്. രണ്ടു ഊരുക്കളോട്കൂടിയുള്ള ഗുരുവന്ദനം ഭീമസേനൻ അപഹരിച്ചിരിക്കുന്നു.

ധൃതരാഷ്ട്രർ: ആരാണ് എന്റെ വസ്ത്രത്തുമ്പിൽ പിടിച്ച് വലിച്ച് വഴികാണിക്കുന്നത്?

ദുർജയൻ: മുത്തച്ഛ, ഞാനാണ് ദുർജ്ജയൻ.

ധൃതരാഷ്ട്രർ: പൗത്ര ദുർജ്ജയ, അച്ഛനെ അന്വേഷിയ്ക്കുകയാണോ?

ദുർജയൻ: ഞാൻ ക്ഷീണിച്ചിരിക്കുന്നു.

ധൃതരാഷ്ട്രർ: പോകു, അച്ഛന്റെ മടിയിൽ വിശ്രമിയ്ക്കാം.

ദുർജയൻ: മുത്തച്ഛ ഞാൻ പോകാം. എവിടെയാണ് അച്ഛൻ?

രാജാവ്: അല്ലേ, ഇവനും വന്നോ? എല്ലാറ്റിലുമധികം മനസ്സിലുള്ള പുത്രസ്നേഹം എന്നെ ദഹിപ്പിക്കുന്നു.

ദുർജയൻ: ഇതാ മഹാരാജാവ് നിലത്ത് കിടക്കുന്നു.

രാജാവ്: മകനെ, എന്തിനാണ് വന്നത്?

ദുർജയൻ: അങ്ങ് വരുവാൻ വൈകിയതുകൊണ്ട്. അച്ഛന്റെ മടിയിൽ കയറി ഇരിയ്ക്കട്ടെ? (മടിയിൽ കയറുന്നു)

രാജാവ്: (തടുത്തിട്ട്) ദുർജയ, ദുർജയ, കഷ്ടം മനസ്സിന് സന്തോഷം നൽകുന്നത് കണ്ണിന് ആനന്ദകരമാണ്. മനസ്സിന് കുളിർമ്മ നൽകേണ്ട ചന്ദ്രൻ വിധിവൈപരീത്യത്താൽ എനിയ്ക്ക് വഹ്നിത്വമാണ് നൽകുന്നത്. (അഗ്നി ഉഷ്ണവും, ചന്ദ്രൻ സന്താപത്തെയും പ്രദാനം ചെയ്യുന്നു)

ദുർജയൻ: മടിയിലുള്ള ഇരിപ്പിടത്തെ തടയുന്നത് എന്തിനാണ്?

രാജാവ്: അനുഭവിച്ച ഇരിപ്പിടം ഇന്ന് മുതൽ നിനക്കില്ല. ശീലിച്ച ഇരിപ്പിടം ഉപേക്ഷിച്ച് എവിടെയെങ്കിലും ഇരുന്നാലും.

ദുർജ്ജയൻ: മഹാരാജാവ് എവിടെയും പോകുന്നില്ലല്ലോ

രാജാവ്: നൂറ് സഹോദരന്മാരും പോയിടത്തേയ്ക്ക് ഞാനും പോകുകയാണ്.

ദുർജ്ജയൻ: അവിടെയ്ക്ക് എന്നെയും കൊണ്ടുപോകു.

രാജാവ്: മകനെ ഭീമസേനനോട് പറയൂ

ദുർജ്ജയൻ: മഹാരാജാവെ, വന്നാലും! അങ്ങയെ അന്വേഷിയ്ക്കുന്നുണ്ട്.

രാജാവ്: മകനെ, ആര്?

ദുർജ്ജയൻ: മുത്തശ്ശിയും മുത്തശ്ശനും അന്തഃപുരസ്ത്രീകളും

രാജാവ്: മകനെ, പോകൂ, എനിയ്ക്ക് വരാൻ വയ്യ

ദുർജ്ജയൻ: അങ്ങയെ ഞാൻ കൊണ്ടുപോകാം.

രാജാവ്: മകനെ, നീ കുട്ടിയല്ലേ?

ദുർജ്ജയൻ: (ചുറ്റിനടന്ന്) മുത്തച്ഛ, ശ്രേഷ്ഠരെ, ഇതാ മഹാരാജാവ്.

ഗാന്ധാരി: എവിടെ എന്റെ പുത്രൻ? ജന്മം കൊണ്ടവനെ, ദുര്യോധന, നീ ക്ഷീണിച്ചിരിക്കുന്നുവോ? എന്താണെന്ന് കരുതിയാണ് ഞാൻ ആശ്വസിപ്പിക്കുന്നത്

രാജാവ്: അമ്മേ, ഭവതിയെ അറിയിക്കുകയാണ്.

ഗാന്ധാരി: മകനെ, പറയൂ

രാജാവ്: ഭവതിയെ നമസ്കരിച്ചിട്ട് പറയുകയാണ്. ഞാൻ പുണ്യം ചെയ്തിട്ടുണ്ടെങ്കിൽ ഇനിയൊരു ജന്മത്തിലും ഭവതി എനിയ്ക്ക് അമ്മയായി ഭവിച്ചാലും.

ഗാന്ധാരി: എന്റെ മനസ്സ് തന്നെയാണല്ലോ നീ പറഞ്ഞത് !(മോഹാലസ്യപ്പെടുന്നു)

* * *